इस पुस्तिका में **24** मुद्रित पृष्ठ हैं।
This Booklet contains **24** printed pages.

# MVD18–II

परीक्षा पुस्तिका संख्या
Test Booklet No.

| LANG. CODE |
|---|
| **09** |

## प्रश्न-पत्र—II / PAPER—II
## मलयालम भाषा परिशिष्ट / MALAYALAM LANGUAGE SUPPLEMENT
## भाग IV & V / PART IV & V

परीक्षा पुस्तिका संकेत
**Test Booklet Code**

**M**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ संख्या 24) पर दिए गए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page No. 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका के पृष्ठ संख्या 2 व 23 देखें।**
**For Instructions in Malayalam, see Page Nos. 2 and 23 of this Booklet.**

### *परीक्षार्थियों के लिए निर्देश :*

1. यह पुस्तिका मुख्य परीक्षा पुस्तिका का एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग—IV (भाषा—I) **या** भाग—V (भाषा—II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेजी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग—IV व भाग—V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर-पत्र पर निशान लगाने के लिए **केवल काले/नीले बॉलपॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत M** है। यह सुनिश्चित कर लें कि इस भाषा परिशिष्ट परीक्षा पुस्तिका का संकेत, उत्तर-पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं तथा प्रत्येक 1 अंक का है :

   भाग—IV : भाषा—I (मलयालम) (प्रश्न सं० 91–120)
   भाग—V : भाषा—II (मलयालम) (प्रश्न सं० 121–150)
7. भाग—IV में भाषा—I के लिए 30 प्रश्न और भाग—V में भाषा—II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से सम्बन्धित प्रश्न दिए गए हैं। **यदि भाषा—I और/या भाषा—II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है/हैं, तो कृपया उस भाषा वाली परीक्षा पुस्तिका माँग लें। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन-पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग—V (भाषा—II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा—I (भाग—IV) में चुनी गई भाषा से भिन्न हो।**
9. रफ़ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर-पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

### *Instructions for Candidates :*

1. This Booklet is a Supplement to the Main Test Booklet for those candidates who wish to answer **EITHER** Part—IV (Language—I) **OR** Part—V (Language—II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part—IV and Part—V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ballpoint Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **M**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **Two** Parts, IV and V, consisting of **60** Objective-type Questions and each carrying 1 mark :

   Part—IV : Language—I (Malayalam) (Q. Nos. 91–120)
   Part—V : Language—II (Malayalam) (Q. Nos. 121–150)
7. Part—IV contains 30 questions for Language—I and Part—V contains 30 questions for Language—II. In this Test Booklet, only questions pertaining to Malayalam Language have been given. **In case, the language(s) you have opted for as Language—I and/or Language—II is a language other than Malayalam, please ask for a Test Booklet that contains questions on that language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part—V (Language—II) in a language other than the one chosen as Language—I (Part—IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ______________________
Name of the Candidate (in Capital letters)

अनुक्रमांक (अंकों में) : ______________________
Roll Number (in figures)

(शब्दों में) : ______________________
(in words)

परीक्षा-केन्द्र (बड़े अक्षरों में) : ______________________
Centre of Examination (in Capital letters)

परीक्षार्थी के हस्ताक्षर : ______________ निरीक्षक के हस्ताक्षर : ______________
Candidate's Signature Invigilator's Signature

Facsimile Signature Stamp of Centre Superintendent ______________________

LANG. CODE **09**

**M**

# പേപ്പർ—II
# മലയാളം ഭാഷാ അനുബന്ധം
## ഭാഗം IV & V

പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.

ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിയ്ക്കുക.

***പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ:***

**1.** ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.

**2.** പരീക്ഷാർത്ഥികൾ I, II, IIIഉം ഭാഗം മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.

**3.** IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.

**4.** ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **കറുപ്പ്/നീല ബോൾ പോയിന്റ് പേന** മാത്രം ഉപയോഗിക്കുക.

**5.** ഈ പുസ്തികയുടെ സങ്കേതം (കോഡ്) **M** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.

**6.** IV, V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും ഒരു (1) മാർക്ക്.

| | | |
|---|---|---|
| ഭാഗം—IV | : ഭാഷ—I (മലയാളം) | (ചോദ്യം 91–120) |
| ഭാഗം—V | : ഭാഷ—II (മലയാളം) | (ചോദ്യം 121–150) |

**7.** ഭാഗം IV ൽ (ഭാഷ I) 30 ചോദ്യങ്ങളും, ഭാഗം V ൽ (ഭാഷ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I/ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**

**8.** **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I) ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**

**9.** റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.

**10.** ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ (അക്കത്തിൽ) : ____________________

(അക്ഷരത്തിൽ) : ____________________

പരീക്ഷാ കേന്ദ്രം : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ____________________

Facsimile signature stamp of Centre Superintendent ____________________

**ഭാഷ—I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം—IV (ചോദ്യങ്ങൾ 91–120) ഉത്തരമെഴുതുക.**

Candidates should attempt the questions from **Part–IV (Q. Nos. 91–120)**, if they have opted **MALAYALAM** as **Language–I** only.

## Part—IV / ഭാഗം—IV

## Language—I / ഭാഷ—I

## Malayalam / മലയാളം

**ഭാഷ I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം IV (ചോദ്യങ്ങൾ 91–120) ഉത്തരമെഴുതുക :**

***നിർദ്ദേശങ്ങൾ :*** ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (**91** മുതൽ **105** വരെ) :

**91.** പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളുടെ ഭാഷാഭ്യസനത്തിന് ഏറ്റവും യോജിച്ച ശിക്ഷണ രീതി

(1) വ്യക്തിഗത ശിക്ഷണം

(2) സമൂഹ ശിക്ഷണം

(3) സമാന ശിക്ഷണം

(4) മുകളിൽ കൊടുത്ത എല്ലാം

**92.** ഭാഷാഭ്യസനത്തിന്റെ വസ്തുനിഷ്ഠമായ മൂല്യ നിർണയത്തിന് അനിവാര്യമായത് :

(1) വസ്തുനിഷ്ഠം, വിമർശനാത്മകം

(2) വിസ്തൃതം, വ്യാവഹാരികം

(3) വിശ്വസനീയം, പ്രാമാണികം

(4) മുകളിൽ കൊടുത്ത എല്ലാം

**93.** താഴെ കൊടുത്തവയിൽ ഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങളിൽ പെടാത്തത്

(1) വിചാരപ്രകടനം

(2) ഭാഷയെക്കുറിച്ചുള്ള അവബോധം

(3) ലേഖനനൈപുണി

(4) സർഗാത്മകത

**94.** ഭാഷാനൈപുണിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?

(1) ഭാഷാനൈപുണി വർദ്ധിപ്പിക്കുന്നതിന് പ്രയോഗത്തേക്കാൾ ഭാഷാതത്ത്വങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്

(2) കുട്ടികൾ ഭാഷ അഭ്യസിക്കുന്നത് ശ്രവണം ഭാഷണം, വായന, എഴുത്ത് എന്നീ ക്രമത്തിലാണ്

(3) വായനയ്ക്കും എഴുത്തിനുമാണ് സ്കൂളിൽ ഊന്നൽ നൽകേണ്ടത്

(4) നാലു ഭാഷ നൈപുണികളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

**95.** ''വ്യാകരണമറിയാത്ത ഭാഷയാണ് ഒരു കുട്ടി ഏറ്റവും വേഗത്തിൽ അഭ്യസിക്കുന്നത്'' – ഇത് ആരുടെ പ്രസ്താവനയാണ്?

(1) പതഞ്ജലി മഹർഷി

(2) ലോർഡ് സ്വീറ്റ്

(3) ലോർഡ് മെക്കാളെ

(4) ജീൻ പിയാഷെ

**96.** ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഭാഷയിലെ വളരെ വിഷമം പിടിച്ച ചോദ്യങ്ങളും സംശയങ്ങളും വിദ്യാർത്ഥികൾ നിങ്ങളോടു ചോദിക്കുന്നു. ഈ സന്ദർഭത്തിൽ നിങ്ങൾ എന്തു ചെയ്യും?

(1) നിങ്ങൾ വേണ്ട തയ്യാറെടുപ്പുകൾ നടത്തി പെട്ടെന്ന് അവരുടെ സംശയ നിവൃത്തി വരുത്തുകയും ചോദ്യങ്ങൾക്ക് ഉത്തരം നല്കുകയും ചെയ്യും.

(2) നിങ്ങൾ അവരുടെ ചോദ്യങ്ങളും സംശയങ്ങളുമെല്ലാം കുറിച്ചെടുത്ത് അടുത്ത ദിവസം അത് പരിഹരിക്കും.

(3) വിദ്യാർത്ഥികളോട് പുസ്തകം വായിക്കാനും ചോദ്യങ്ങളെയും സംശയങ്ങളെയും കുറിച്ച് പിന്നീട് ചർച്ച ചെയ്യാനും ആവശ്യപ്പെടും.

(4) ക്ലാസ്സിൽ അച്ചടക്കം പാലിക്കണമെന്നു പറഞ്ഞ് അത്തരം വിദ്യാർത്ഥികളെ ശാസിക്കും.

**97.** എല്ലാം മനഃപാഠമാക്കുന്ന സ്വഭാവമുള്ള കുട്ടികൾക്ക് നഷ്ടപ്പെടുന്നതെന്ത്?

(1) അവരുടെ ബുദ്ധി വികസിക്കുന്നില്ല

(2) അവർക്ക് ആത്മവിശ്വാസം നഷ്ടപ്പെടുന്നു

(3) അവർക്ക് ക്ലാസ്സുമുറിയിലെ അധ്യാപനവുമായി ബന്ധം നഷ്ടപ്പെടുന്നു

(4) അവർക്ക് പഠനത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല

**98.** ആഗമനാത്മക ഭാഷാധ്യാപന രീതിയുടെ മേന്മ :

(1) വിദ്യാർത്ഥികൾക്ക് ഗൃഹപാഠം ചെയ്യേണ്ടതില്ല.

(2) മനഃപാഠമാക്കുന്ന സ്വഭാവം പ്രോത്സാഹിപ്പിക്കുന്നില്ല.

(3) ക്ലാസ്സിൽ അച്ചടക്കം നിലനിർത്തുന്നു.

(4) കുറച്ചു സമയംകൊണ്ട് വിദ്യാർത്ഥികൾ കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നു.

**99.** ഭാഷ ഏതുതരം ആശയവും അഭിപ്രായവും ആവിഷ്കരിക്കാനുള്ള ഏറ്റവും നല്ല മാധ്യമമാണ്?

(1) പ്രചാരണത്തിന്

(2) സമാഹരണത്തിന്

(3) വിനിമയത്തിന്

(4) മുകളിൽ കൊടുത്ത എല്ലാം

**100.** ഇന്ത്യക്കാരനായ ഒരു കുട്ടി തീർച്ചയായും ______ പഠിക്കണം.

(1) മാതൃഭാഷ

(2) മാതൃഭാഷയും പ്രാദേശികഭാഷയും

(3) മാതൃഭാഷയും ഇംഗ്ലീഷും

(4) ഏതെങ്കിലും മൂന്നു ഭാഷകൾ

**101.** സമാവേശിയായ ക്ലാസ്സിലെ ഭാഷാധ്യാപനത്തിൽ നേരിടുന്ന ഒരു വെല്ലുവിളി :

(1) ഭാഷാപഠനത്തിനു യോജിച്ച അന്തരീക്ഷം സൃഷ്ടിക്കുന്നതിലുള്ള വൈഷമ്യം

(2) ഉചിതമായ ഭാഷാപഠന സാമഗ്രികളുടെ ദൗർലഭ്യം

(3) വിദ്യാർത്ഥികളുടെ കഴിവിലെ വൈവിധ്യം

(4) വിദ്യാർത്ഥികളുടെ അഭിരുചിയിലെ അസമാനത

**102.** താഴെ കൊടുത്തവയിൽ മാതൃഭാഷാധ്യാപനത്തിലെ അറിവിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തത്

(1) ഭാഷാതത്ത്വങ്ങളെക്കുറിച്ചുള്ള പര്യാപ്തമായ അറിവു നേടൽ

(2) വിഷയത്തെക്കുറിച്ചുള്ള അറിവുനേടൽ

(3) ഉച്ചാരണത്തെക്കുറിച്ചുള്ള അറിവു നേടൽ

(4) ഭാഷയിലെ വ്യത്യസ്തമായ ലേഖന സമ്പ്രദായത്തെക്കുറിച്ചുള്ള അറിവു നേടൽ

**103.** താഴെ കൊടുത്തവയിൽ അധ്യാപനരീതിയിൽ പെടുന്നത്

(1) തിരഞ്ഞെടുപ്പു രീതി

(2) അഭിരുചി രീതി

(3) പ്രേരണാ രീതി

(4) മുകളിൽ കൊടുത്ത എല്ലാം

**104.** ഭാഷാധ്യാപനത്തിൽ ദൃശ്യ-ശ്രാവ്യ സഹായി ഉപകരിക്കുന്നത്

(1) ഉച്ചാരണ ശുദ്ധിക്ക്

(2) ലേഖന ശുദ്ധിക്ക്

(3) വായനാ ശുദ്ധിക്ക്

(4) ഇതൊന്നുമല്ല

**105.** പരിഹാരാത്മക അധ്യാപനം എന്നത് :

(1) പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലെ വിഷമങ്ങൾ വർദ്ധിപ്പിക്കുന്നു.

(2) പ്രശ്നപരിഹാരത്തെ വിജയത്തിലേക്കു നയിക്കുന്നു.

(3) പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു.

(4) പ്രശ്നത്തെക്കുറിച്ചുള്ള ഭാഷാതത്ത്വങ്ങൾ പ്രദാനം ചെയ്യുന്നു.

***നിർദ്ദേശങ്ങൾ :*** താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (**106** മുതൽ **111** വരെ) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ വന്ദിപ്പിൻ വരദയെ
പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വ യുഗ്മത്തെക്കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ
ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾ പോലെ തവ ചാരു തൃപ്പദങ്ങളിൽ
തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നു തൃപ്തി
കൈവരാഞ്ഞഴിക്കുന്നു പിന്നെയും തുടരുന്നു

**106.** ഈ പദ്യഭാഗത്ത് ആരെ വന്ദിക്കാനാണ് നിർദ്ദേശിക്കുന്നത്?

(1) ഭാരതമാതാവിനെ

(2) കേരളമാതാവിനെ

(3) കന്യാകുമാരി ദേവിയെ

(4) സ്വന്തം മാതാവിനെ

**107.** താഴെ കൊടുത്തവയിൽ സമുദ്രത്തെ സൂചിപ്പിക്കുന്ന പദമേത്?

(1) സ്വച്ഛം

(2) വരദ

(3) അബ്ധി

(4) ചാരു

**108.** പാദങ്ങളിൽ വെള്ളിച്ചിലമ്പ് അണിയിക്കുന്നത് ആര്?

(1) തോഴികൾ

(2) സഹ്യൻ

(3) മണൽത്തീരം

(4) തിരമാലകൾ

**109.** സഹ്യപർവ്വതത്തിനു നൽകിയിരിക്കുന്ന വിശേഷണമെന്ത്?

(1) പച്ചപുതച്ചത്

(2) പള്ളികൊള്ളുന്നത്

(3) കാത്തുകൊള്ളുന്നത്

(4) ചിലമ്പണിയിക്കുന്നത്

**110.** പാദോപധാനം – പിരിച്ചെഴുതുക :

(1) പാദോ + പധാനം

(2) പാദോപ + ധാനം

(3) പാദ + ഉപധാനം

(4) പാദ + ഒപധാനം

**111.** ഈ കവിതയുടെ കർത്താവ്?

(1) കുമാരനാശാൻ

(2) വള്ളത്തോൾ

(3) ശങ്കരക്കുറുപ്പ്

(4) ചങ്ങമ്പുഴ

*നിർദ്ദേശങ്ങൾ :* താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (**112** മുതൽ **120** വരെ) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഭാരതത്തിലെ പ്രാദേശിക ഭാഷാസാഹിത്യങ്ങളിൽ അഭൂതപൂർവമായ പല വികാസ പ്രക്രിയകളും നടന്നുകൊണ്ടിരിക്കുന്നുവെന്നത് ആശ്വാസകരമായ ഒരു കാര്യമാണ്. മുമ്പ് ഒരിക്കലും ഇല്ലാതിരുന്ന ഉണർവ്വും ഉന്മേഷവും ഇന്ത്യയിലെ എല്ലാം ഭാഷാ സാഹിത്യരംഗത്തും ഇന്നു കാണുവാൻ കഴിയും. ഈ നൂതനോത്സാഹത്തിന്റെ ഫലമായി സർഗാത്മകവും ഗവേഷണാത്മകവുമായ പല നവീന ഗ്രന്ഥങ്ങളും എല്ലാ ആധുനിക ഭാരതീയ ഭാഷകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ, ദുഃഖകരമായ ഒരു യാഥാർത്ഥ്യം നമുക്കു മറച്ചു പിടിക്കാനാവില്ല. ഇന്ത്യയുടെ വൈകാരികോദ്ഗ്രഥനത്തെപ്പറ്റി നമ്മുടെ നേതാക്കന്മാർ എത്രതന്നെ ഘോരഘോരം പ്രസംഗിച്ചിട്ടും കാര്യമായ ഫലമൊന്നും ഇന്നുവരെ ഉണ്ടായിട്ടില്ല എന്നതൊരു പരമാർത്ഥം മാത്രമാണ്. ഇന്ത്യയിലെ ഭാഷാ സാഹിത്യങ്ങൾ എത്രമാത്രം വളർന്നവയാണെന്നും അവയിലെ പ്രമുഖ എഴുത്തുകാർ ആരൊക്കെയാണെന്നും മികച്ച ഗ്രന്ഥങ്ങളേതൊക്കെയാണെന്നും ബഹുഭൂരിപക്ഷം പേർക്കും ഇന്ന് അറിയാനിടയില്ല. ഭാരതീയ സാഹിത്യങ്ങളിൽ സമാനമായി ദൃശ്യമാകുന്ന സാഹിത്യധാരകളെപ്പറ്റിയും പ്രസ്ഥാനങ്ങളെപ്പറ്റിയും നമുക്ക് എത്രകാലം ഇങ്ങനെ അജ്ഞരായി കഴിയാൻ സാധിക്കും? ഫ്രഞ്ചിലേയും റഷ്യനിലേയും ഇംഗ്ലീഷിലേയും അതി നൂതന പ്രവണതകളെപ്പറ്റി മനസ്സിലാക്കാൻ അത്യുത്സാഹം കാണിക്കുന്ന നമുക്ക് ബംഗാളി, ഹിന്ദി, മറാഠി, തമിഴ്, തെലുഗു, തുടങ്ങിയ ഇതര ഭാരതീയ ഭാഷാ സാഹിത്യങ്ങളെക്കുറിച്ച് എന്തറിയാം? എന്തെങ്കിലും അറിയണമെന്ന താല്പര്യം തന്നെ നമുക്കുണ്ടോ? മലയാള സാഹിത്യം വിശ്വസാഹിത്യത്തേക്കാൾ മികച്ചതാണെന്നും മലയാള ഭാഷ ശ്രേഷ്ഠഭാഷയാണെന്നും സാഹിത്യ സമ്മേളനങ്ങളിൽ പ്രസംഗിച്ചതുകൊണ്ടോ വാരികകളിൽ പ്രസിദ്ധീകരിച്ചതു കൊണ്ടോ പ്രയോജനമൊന്നും ഉണ്ടാകുന്നില്ല.

ഇംഗ്ലീഷ് സാഹിത്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ആധികാരികമായി സംസാരിക്കുന്ന പല സാഹിത്യകാരന്മാരും നമുക്കുണ്ടെങ്കിലും മലയാള സാഹിത്യത്തെ കുറിച്ചോ അന്യ ഭാരതീയ സാഹിത്യങ്ങളെക്കുറിച്ചോ അവർ താരതമ്യേന മൗനം ദീക്ഷിക്കുന്നു.

**112.** ലേഖകന്റെ ആശ്വാസത്തിനു കാരണം :

(1) ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചുവെന്നത്

(2) പ്രാദേശിക ഭാഷാസാഹിത്യങ്ങൾ വികസിച്ചുകൊണ്ടിരിക്കുന്നത്

(3) നേതാക്കന്മാർ ദേശീയോദ്ഗ്രഥനത്തെക്കുറിച്ചു സംസാരിക്കുന്നത്

(4) ഇന്ത്യക്കാരിൽ ഉണർവ്വും ഉന്മേഷവും കാണുന്നത്

**113.** ലേഖകൻ സൂചിപ്പിക്കുന്ന ദുഃഖകരമായ യാഥാർത്ഥ്യമെന്താണ്?

(1) വികാസ പ്രക്രിയകൾ വേഗത്തിൽ നടക്കുന്നില്ല

(2) വേണ്ടത്ര ഗ്രന്ഥരചനകൾ നടക്കുന്നില്ല

(3) ഗവേഷണരംഗത്ത് കാര്യമായ നേട്ടങ്ങളുണ്ടായിട്ടില്ല

(4) വൈകാരികോദ്ഗ്രഥനം ഫലപ്രദമായിട്ടില്ല

**114.** ''നമുക്ക് എത്രകാലം ഇങ്ങനെ അജ്ഞരായിക്കഴിയാൻ സാധിക്കും'' എന്ന് ആശങ്കപ്പെടുന്നത് എന്തിനെക്കുറിച്ചാണ്?

(1) വൈകാരികോദ്ഗ്രഥനത്തെക്കുറിച്ച് അറിവില്ല

(2) സർഗാത്മകവും ഗവേഷണാത്മകവുമായ ഗ്രന്ഥങ്ങളെക്കുറിച്ച് അറിവില്ല

(3) ഭാരതീയ സാഹിത്യങ്ങളിലെ സമാനതകളെക്കുറിച്ച് അറിവില്ല

(4) ഇംഗ്ലീഷ് സാഹിത്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അറിവില്ല

**115.** ഈ ഗദ്യഭാഗത്ത് ലേഖകൻ ഊന്നിപ്പറയാൻ ശ്രമിക്കുന്നതെന്ത്?

(1) വൈദേശിക ഭാഷാസാഹിത്യങ്ങൾ എല്ലാവരും പഠിക്കണം.

(2) മലയാള സാഹിത്യം മികച്ചതാണെന്ന് പ്രചരിപ്പിക്കണം.

(3) മലയാളം ശ്രേഷ്ഠ ഭാഷയാണെന്നു സ്ഥാപിച്ചുകൊണ്ട് ലേഖനങ്ങളെഴുതണം.

(4) ഭാരതീയ ഭാഷാസാഹിത്യങ്ങളെക്കുറിച്ച് ധാരണ വളർത്തണം.

**116.** 'വൈകാരികോദ്ഗ്രഥനം' – പിരിച്ചെഴുതുക.

(1) വൈകാരി + കോദ്ഗ്രഥനം

(2) വൈകാരികോദ് + ഗ്രഥനം

(3) വൈകാരിക + ഉദ്ഗ്രഥനം

(4) വൈകാ + രികോദ് + ഗ്രഥനം

**117.** ഗദ്യഭാഗത്തെ മുൻനിർത്തി ലേഖകന്റെ വിയോജിപ്പ് എന്തിനോടാണെന്ന് കരുതാം?

(1) ഭാഷാ സാഹിത്യരംഗത്ത് മുമ്പില്ലാത്ത ഉണർവ്വ് കാണുന്നതിനോട്

(2) നേതാക്കന്മാർ ഘോരഘോരം പ്രസംഗിക്കുന്നതിനോട്

(3) മലയാളം വിശ്വസാഹിത്യത്തേക്കാൾ മികച്ചതാണെന്നു പ്രചരിപ്പിക്കുന്നതിനോട്

(4) ഇംഗ്ലീഷ് സാഹിത്യത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് മലയാളത്തെയോ അന്യ ഭാരതീയ സാഹിത്യങ്ങളെയോ കുറിച്ച് മൗനം പുലർത്തുന്നതിനോട്

**118.** ഭാരതീയ സാഹിത്യങ്ങളെക്കുറിച്ചുള്ള അറിവുമൂലം എന്തു സംഭവിക്കുമെന്നാണ് ലേഖകൻ വിശ്വസിക്കുന്നത്?

(1) വായനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകും

(2) വൈകാരികോദ്ഗ്രഥനം സാധ്യമാകും

(3) സാഹിത്യത്തിൽ നൂതന പ്രവണതകൾ പ്രത്യക്ഷപ്പെടും

(4) ഗവേഷണകൃതികൾ ധാരാളം രചിക്കപ്പെടും

**119.** താഴെ കൊടുത്തവയിൽ പ്രാദേശിക ഭാഷകളിൽ പെടാത്തത് ഏത്?

(1) കന്നട

(2) ഇംഗ്ലീഷ്

(3) മറാഠി

(4) ബംഗാളി

**120.** താഴെ കൊടുത്തവയിൽ 'തെലുഗു' ഭാഷ സംസാരിക്കുന്നവർ കൂടുതലുള്ള സംസ്ഥാനം ഏത്?

(1) ഉത്തരാഖണ്ഡ്

(2) ഛത്തിസ്ഗഢ്

(3) ആന്ധ്രപ്രദേശ്

(4) ഝാർഖണ്ഡ്

**ഭാഷ—II** മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം—V** (ചോദ്യങ്ങൾ **121–150**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part–V (Q. Nos. 121–150)**, if they have opted **MALAYALAM** as **Language–II** only.

## Part—V / ഭാഗം—V

## Language—II / ഭാഷാ—II

## Malayalam / മലയാളം

**ഭാഷ II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം V (ചോദ്യങ്ങൾ 121–150) ഉത്തരമെഴുതുക :**

നിർദ്ദേശങ്ങൾ : ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (**121** മുതൽ **135** വരെ) :

**121.** സമാവേശിയായ ക്ലാസ്സിൽ കുട്ടികൾ പൊതുവേ തെറ്റുകൾ വരുത്തുന്നത്

(1) വായനയിൽ

(2) എഴുത്തിൽ

(3) ഭാഷണത്തിൽ

(4) ഇവയിലെല്ലാം

**122.** ''വ്യാകരണമെന്നത് വ്യവഹാരപരവും സൈദ്ധാന്തികവുമാണ്''. നിങ്ങൾ ഇതിനോട് എത്രമാത്രം യോജിക്കുന്നു?

(1) പൂർണമായും യോജിക്കുന്നു

(2) ഭാഗികമായി യോജിക്കുന്നു

(3) വിയോജിക്കുന്നു

(4) യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്നു

**123.** അപ്പർ പ്രൈമറി അല്ലെങ്കിൽ സെക്കന്ററി തലത്തിൽ വിദ്യാർത്ഥികൾക്ക് ഭാഷയിൽ അഭിരുചി വളർത്താൻ ചെയ്യേണ്ടത്

(1) വിദ്യാർത്ഥികളോട് പുസ്തകങ്ങൾ വായിക്കാൻ പറയാം.

(2) വിദ്യാർത്ഥികൾക്ക് വാചികമായ ആവർത്തനത്തിലൂടെ വിശദീകരിച്ചുകൊടുക്കാം.

(3) വിദ്യാർത്ഥികൾക്ക് കൂടുതൽ കേട്ടെഴുത്ത് കൊടുക്കാം.

(4) വിദ്യാർത്ഥികളുടെ വ്യാകരണ ജ്ഞാനം വർദ്ധിപ്പിക്കാം.

**124.** വാചികാവതരണത്തിന് താഴെ കൊടുത്തവയിൽ യോജിക്കാത്ത രീതി ഏത്?

(1) ശബ്ദാവതരണം

(2) കാവ്യപാരായണം

(3) മുഖാമുഖ അവതരണം

(4) ആംഗ്യഭാഷയിലൂടെ അവതരണം

**125.** ''ബൗദ്ധികവികാസത്തിന് മാതൃഭാഷയും അമ്മയുടെ മുലപ്പാലുപോലെ തുല്യപ്രാധാന്യമുള്ളതാണ്'' – ഈ പ്രസ്താവന ആരുടെ?

(1) രാജർഷി ടണ്ഡൻ

(2) റോയ്ബൺ

(3) മഹാത്മാ ഗാന്ധി

(4) വിവേകാനന്ദൻ

**126.** വിദ്യാർത്ഥികൾക്ക് നല്ല വശമില്ലാത്ത ഭാഷയിലൂടെ അവരെ പഠിപ്പിച്ചാൽ

(1) വേണ്ട വിധത്തിൽ ശ്രദ്ധിക്കുകയില്ല

(2) മനഃപാഠമാക്കാനോ ഓർത്തുവെയ്ക്കാനോ ശ്രമിക്കുന്ന സ്വഭാവം അവരിലുണ്ടാകും

(3) വിദ്യാർത്ഥികൾക്ക് പഠനത്തിൽ താത്പര്യം കുറയും

(4) മുകളിൽ കൊടുത്ത എല്ലാം

**127.** ഭാഷാധ്യാപനത്തിലെ ഭാഷ സ്വായത്തമാക്കൽ പ്രക്രിയയിൽ ഏറ്റവും പ്രധാനം

(1) ശ്രവണവും വായനയും

(2) ശ്രവണം മാത്രം

(3) വായന മാത്രം

(4) എഴുത്തു മാത്രം

**128.** ഭാഷാധ്യാപനത്തിൽ പഠന സാമഗ്രികൾ നേരിടുന്ന പ്രധാന വെല്ലുവിളി :

(1) കുറച്ചു സമയംകൊണ്ട് കൂടുതൽ അറിവു നൽകൽ

(2) പഠന സാമഗ്രികളിലെ ബുദ്ധിമുട്ടുള്ള മേഖലകളിൽ വേണ്ട വിശദീകരണം നൽകൽ

(3) പാഠഭാഗത്തേയ്ക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ഷണിക്കൽ

(4) അധ്യാപകർക്ക് അധ്യാപനത്തിലെ അധ്വാന ഭാരം കുറയ്ക്കൽ

**129.** ''ബുദ്ധിയുള്ള വിദ്യാർത്ഥികളുടെ ഉച്ചാരണവും പദസഞ്ചയവും മെച്ചപ്പെട്ടതായിരിക്കും''. ഈ പ്രസ്താവന ആരുടെ?

(1) ടെർമൻ

(2) ഫിഷർ

(3) താംബെ

(4) എല്ലാവരും

**130.** പദങ്ങളുടെ അർത്ഥം വിശദീകരിക്കുന്ന സന്ദർഭത്തിൽ സ്വീകരിക്കാവുന്ന ഏറ്റവും ഫലപ്രദമായ രീതി :

(1) വാക്കുകൾ വിശദീകരിക്കൽ

(2) നിഘണ്ടു നോക്കൽ

(3) പദത്തെ വാക്യത്തിൽ പ്രയോഗിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് ഊഹിക്കാൻ അവസരം നൽകൽ

(4) പദത്തിന്റെ അർത്ഥം വിശദീകരിച്ചുകൊടുക്കൽ

**131.** താഴെ കൊടുത്തവയിൽ അച്ചടിച്ച പാഠപുസ്തകം ഉപയോഗിക്കാതെ ദ്വിതീയഭാഷാഭ്യസന പ്രക്രിയയിൽ സഹായകമായ രീതി :

(1) സ്വാഭാവിക രീതി

(2) ഭാഷാ നിമജ്ജനം

(3) വ്യാകരണ വിവർത്തനം

(4) അവസ്ഥാനുസൃത രീതി

**132.** തെറ്റായ വായനാസ്വഭാവം ഉണ്ടാകുന്നതിനുള്ള ഒരു കാരണം :

(1) ബഹുഭാഷിത്വം

(2) ദ്വിഭാഷിത്വം

(3) ക്ലാസ്സിലെ വിദ്യാർത്ഥി ബാഹുല്യം

(4) വിരൽ ചേർത്തും വിരൽകൊണ്ട് കണ്ണിനു നിർദ്ദേശം കൊടുത്തുമുള്ള വായന

**133.** താഴെ കൊടുത്തവയിലെ ഏത് അധ്യാപന-പഠന വൈഷമ്യമാണ് ശബ്ദജ്ഞാന രീതി അഥവാ പഴയ രീതിയിലൂടെ പരിഹരിക്കാൻ കഴിയുന്നത്?

(1) വാക്യനിർമ്മിതിയിലെ ക്രമം ശരിയാക്കാൻ സഹായിക്കൽ

(2) ശരിയായ ഉച്ചാരണം

(3) കുട്ടികൾക്ക് വിശദീകരിക്കുന്നതിലുള്ള വിഷമം തീർക്കൽ

(4) മുകളിൽ കൊടുത്ത എല്ലാം

**134.** താഴെ കൊടുത്തവയിൽ നൈപുണി ലക്ഷ്യങ്ങളിൽ പെടാത്തത് ഏത്?

(1) വായന

(2) എഴുത്ത്

(3) ശ്രവണം

(4) ഭാഷാഭിരുചി

**135.** ഭാഷാ വികാസത്തിൽ സ്വാധീനം ചെലുത്തുന്നത് :

(1) ആരോഗ്യം

(2) ബുദ്ധി

(3) വ്യക്തിപരമായ അസമാനതകൾ

(4) മുകളിൽ കൊടുത്ത എല്ലാം

***നിർദ്ദേശങ്ങൾ :*** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (**136** മുതൽ **143** വരെ) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :

നല്ലൊരു ചരിത്രകാരൻകൂടിയായിരുന്ന ജവഹർലാൽ നെഹ്റു ഇന്ത്യയുടെ മാറി മറിഞ്ഞുവരുന്ന സാംസ്കാരിക ചലനങ്ങളെക്കുറിച്ചു ഗാഢമായി മനസ്സിലാക്കിയിരുന്നു. നമ്മുടെ സാംസ്കാരിക ജീവിതത്തിൽ വിദ്യാഭ്യാസത്തിനു വഹിക്കാൻ കഴിയുന്ന സുശക്തമായ സ്വാധീനതയെക്കുറിച്ച് അദ്ദേഹം മുമ്പും പിമ്പും ഉറ്റുനോക്കി. വെറും ആത്മീയ ജ്ഞാനസമ്പാദനത്തിനു വേണ്ടിയുള്ള പ്രാചീന വിദ്യാഭ്യാസ സമ്പ്രദായം തികച്ചും അപര്യാപ്തമാണെന്നും ജനതയെ നൂതന സാഹചര്യങ്ങൾക്കനുസൃതമായി വാർത്തെടുക്കുന്നതിന് നവീന വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നടപ്പിലാക്കേണ്ടതാണെന്നും അദ്ദേഹം ചിന്തിച്ചുറപ്പിച്ചു. തന്മൂലം തികഞ്ഞ ദീർഘ വീക്ഷണത്തോടു കൂടിയുള്ളവയായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പദ്ധതികളെല്ലാം. എന്നുവെച്ച് പഴയ സമ്പ്രദായങ്ങളെല്ലാം ദൂരെക്കളയണമെന്നായിരുന്നില്ല അദ്ദേഹത്തിന്റെ മതം. പഴമയിലെ നന്മകളെ പുതുമകളുമായി കൂട്ടിയിണക്കി, ഇന്നത്തെ മാറിവരുന്ന ജീവിതത്തിനനുയോജ്യമായ രീതിയിൽ പാകപ്പെടുത്തിയെടുക്കുക എന്നതായിരുന്നു പണ്ഡിറ്റ്ജിയുടെ ഉന്നം. അതുകൊണ്ടാണദ്ദേഹം ഭാരതത്തിലെ പ്രാചീനരീതിയിലുള്ള ആത്മീയ വിദ്യാഭ്യാസവും ആധുനിക മാതൃകയിലുള്ള ശാസ്ത്രവിദ്യാഭ്യാസവും ഒന്നിച്ചു പകർന്നുകൊടുക്കുന്നതാണ് അഭികാമ്യമെന്നു കരുതിയത്. ശാസ്ത്രവിദ്യാഭ്യാസം ഇന്ത്യയെ വ്യവസായീകരിക്കുവാനും സാമ്പത്തികശേഷിയിലേക്കു നയിക്കുവാനും സഹായകമാകുമെങ്കിൽപ്പോലും, വളരുന്ന തലമുറയ്ക്ക് ധാർമ്മിക മൂല്യങ്ങളിലുള്ള വിശ്വാസവും ജീവിതബോധവും സംഭാവനചെയ്യുന്നതിന് സാംസ്കാരിക പഠനം കൂടി ആവശ്യമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. നന്മയും സൗന്ദര്യവും ആസ്വദിക്കുക, സത്യത്തെ മനസ്സിലാക്കുവാനുള്ള ജ്ഞാനം ലഭ്യമാക്കുക എന്നിവയത്രെ മനുഷ്യന്റെ പരമമായ ലക്ഷ്യം എന്ന് അദ്ദേഹം പ്രസ്താവിച്ചതിന്റെ പൊരുൾ ഇതുതന്നെയാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി വിശദമായും ഗഹനമായും ചിന്തിക്കാൻ ശ്രമിച്ച അപൂർവം ചിലരിലൊരാളാണ് നെഹ്റുജി. ആധുനികവിദ്യാഭ്യാസത്തിന്റെ ഊടും പാവും ഇംഗ്ലീഷു ഭാഷയും പാശ്ചാത്യ പ്രഭാവവുമാണെന്ന വസ്തുത മറ്റാരെക്കാളും വ്യക്തമായിത്തന്നെ അദ്ദേഹത്തിനറിയാമായിരുന്നു.

**136.** പാഠ്യപദ്ധതിയിൽ സാംസ്കാരിക പഠനത്തിന്റെ ആവശ്യകതയെന്ത്?

(1) ശാസ്ത്രാഭിമുഖ്യം വളർത്താൻ

(2) ധാർമ്മിക മൂല്യങ്ങൾ വളർത്താൻ

(3) വ്യവസായ വല്ക്കരണത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ

(4) ആധുനിക ജീവിത മാതൃകകൾ മനസ്സിലാക്കാൻ

**137.** പ്രാചീന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് നെഹ്റുവിന്റെ കാഴ്ചപ്പാടായി ലേഖകൻ കാണുന്നത് :

(1) സാംസ്കാരികമായി സ്വാധീനം ചെലുത്തുന്നതായിരിക്കണം

(2) ജീവിതത്തിന് അനുയോജ്യമായിരിക്കണം

(3) ആത്മീയജ്ഞാന സമ്പാദനത്തിനു വേണ്ടിയാകണം

(4) ധാർമ്മിക മൂല്യങ്ങൾ വളർത്തുന്നതാവണം

**138.** മനുഷ്യരുടെ പരമ ലക്ഷ്യങ്ങളിലൊന്നായി ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നത് :

(1) നന്മയും സൗന്ദര്യവും ആസ്വദിക്കുക

(2) സത്യം പറയുക

(3) ആത്മീയജ്ഞാനം നേടുക

(4) സംസ്കാരമുള്ളവരായിത്തീരുക

**139.** ഇന്ത്യയെ വ്യവസായ വല്ക്കരിക്കാൻ സഹായിക്കുന്നത് എന്ത്?

(1) ശാസ്ത്ര വിദ്യാഭ്യാസം

(2) ആത്മീയ വിദ്യാഭ്യാസം

(3) ഇംഗ്ലീഷ് വിദ്യാഭ്യാസം

(4) പാശ്ചാത്യ വിദ്യാഭ്യാസം

**140.** നെഹ്റുവിന്റെ വിദ്യാഭ്യാസപദ്ധതി ലക്ഷ്യമിടുന്നത് :

(1) നവീനവും ആധുനികവുമായ വിദ്യാഭ്യാസ സമ്പ്രദായം

(2) പ്രാചീന വിദ്യാഭ്യാസ സമ്പ്രദായം

(3) പഴയതിനെയും പുതിയതിനെയും കൂട്ടിയിണക്കിക്കൊണ്ടുള്ള കാലാനുസൃതമായ വിദ്യാഭ്യാസം

(4) നവീന വിദ്യാഭ്യാസ സമ്പ്രദായം

**141.** 'പുതുമ' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഗദ്യത്തിൽ പ്രയോഗിച്ച പദമേത്?

(1) നൂതനം

(2) നവീനം

(3) പ്രാചീനം

(4) പഴമ

**142.** ആധുനിക വിദ്യാഭ്യാസത്തിന്റെ 'ഊടും പാവു'മായി നെഹ്റു കണ്ടത്

(1) ഇംഗ്ലീഷ് വിദ്യാഭ്യാസം

(2) ശാസ്ത്ര വിദ്യാഭ്യാസം

(3) ആത്മീയ വിദ്യാഭ്യാസം

(4) ചരിത്ര വിദ്യാഭ്യാസം

**143.** ലേഖകൻ നെഹ്റുവിനു നൽകുന്ന വിശേഷണം എന്ത്?

(1) വിദ്യാഭ്യാസ വിചക്ഷണൻ

(2) രാഷ്ട്രീയ നേതാവ്

(3) സാംസ്കാരിക നായകൻ

(4) ചരിത്രകാരൻ

*നിർദ്ദേശങ്ങൾ :* താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് (**144** മുതൽ **150** വരെ) ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :

മനുഷ്യർ തങ്ങളുടെ പരസ്പരബന്ധം കൂടുതൽ അരക്കിട്ടുറപ്പിക്കുന്നതിനായി രൂപപ്പെടുത്തിയെടുത്തിട്ടുള്ള ആശയവിനിമയശേഷിയാണ് ഭാഷ. ഏതൊരു സംസ്കാരത്തിന്റെയും പ്രഥമവും പ്രധാനവുമായ പ്രത്യേകത ഭാഷയാണ്. ഒരു സംസ്കാരവും ഭാഷയില്ലാതെ നിലനില്ക്കുന്നില്ല. 'ഒരു സമൂഹത്തിന്റെ ആത്മാവാണ് ഭാഷ'യെന്ന ഏണസ്റ്റ് ബാർക്കറുടെ പ്രസ്താവം ഇവിടെ ഓർക്കേണ്ടതുണ്ട്. ഒരു സമൂഹത്തിലെ വ്യക്തികളുടെ പെരുമാറ്റത്തെ അവരുടെ ഭാഷ സൂചിപ്പിക്കുന്നതാണ്. അവരുടെ പെരുമാറ്റമാകട്ടെ സാഹചര്യം അഥവാ ചുറ്റുപാടുകൾ അവരിൽ ചെലുത്തുന്ന സ്വാധീനത്തെയും സൂചിപ്പിക്കുന്നു. പ്രകൃതി അഥവാ സാഹചര്യത്തിലുള്ള വൈവിധ്യം ഭാഷാവൈവിധ്യത്തെ വ്യക്തമാക്കുന്നു.

നരവംശ ശാസ്ത്രജ്ഞന്മാർ ഭാഷയുടെ പ്രാധാന്യം വളരെ നേരത്തെതന്നെ അംഗീകരിച്ചിരുന്നു. അവരുടെ പഠനഗവേഷണത്തിനുള്ള ഒരുപാധിയെന്ന നിലയിൽ മാത്രമല്ല, സാംസ്കാരിക ഘടനയുടെ തന്നെ അടിസ്ഥാന ഘടകമായിട്ടു കൂടിയാണ് ആ അംഗീകാരം. ഭാഷയും സംസ്കാരവും തമ്മിൽ ഒരു തരം ദ്വന്ദ്വാവസ്ഥ നിലവിലുണ്ട്. കാരണം ഭാഷ സംസ്കാരത്തിന്റെ ഒരു ഘടകം ആയിരിക്കുമ്പോൾ തന്നെ അത് സംസ്കാരത്തിന്റെ അഭിവ്യഞ്ജകവും ആണ്. ഭാഷ സംസ്കാരത്തെ എങ്ങനെ അഭിവ്യഞ്ജിപ്പിക്കുന്നുവെന്ന ചോദ്യം ഇവിടെ സ്വാഭാവികമായും ഉദിക്കുന്നു. ഭാഷയിലൂടെ എന്താണോ വിവക്ഷിതമാകുന്നത്, അതിലൂടെയാണ് അത് സംസ്കാരത്തെ വ്യഞ്ജിപ്പിക്കുന്നത്. അതുകൊണ്ട് വിവക്ഷിതം അഥവാ അർത്ഥത്തിന് വളരെ പ്രാധാന്യമുണ്ട്. അർത്ഥത്തെപ്പറ്റിയുള്ള ചർച്ചയിൽ ബ്ലൂം ഫീൽഡ് പ്രസ്താവിക്കുന്നു : 'സംസാരിക്കുന്ന വ്യക്തി സംസാരിക്കുകയും കേൾവിക്കാരൻ പ്രതികരിക്കുകയും ചെയ്യുന്നത് ഏതു സാഹചര്യത്തിലാണോ ആ സാഹചര്യമാണ് അർത്ഥം.

**144.** വ്യക്തികളുടെ പെരുമാറ്റത്തെ സൂചിപ്പിക്കുന്ന ഘടകം

(1) ഭാഷ

(2) വേഷം

(3) ആചാരങ്ങൾ

(4) ഭക്ഷണരീതി

**145.** ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് നേരത്തേ തന്നെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തവരെന്ന് ലേഖകൻ പ്രസ്താവിക്കുന്നത് :

(1) കവികൾ

(2) ശാസ്ത്രജ്ഞർ

(3) നരവംശശാസ്ത്രജ്ഞർ

(4) സാംസ്കാരികനായകർ

**146.** അർത്ഥത്തെക്കുറിച്ചുള്ള ബ്ലൂം ഫീൽഡിന്റെ കാഴ്ചപ്പാട് എന്താണ്?

(1) സംസ്കാരത്തെ അഭിവ്യഞ്ജിപ്പിക്കുന്നതാണ്

(2) സംസാരിക്കുന്ന വ്യക്തി കരുതുന്നതാണ്

(3) കേൾക്കുന്ന വ്യക്തിയെ ആശ്രയിച്ചാണ്

(4) സംസാരിക്കുന്നവനും കേൾക്കുന്നവനുമായി ബന്ധപ്പെടുന്ന സാഹചര്യമാണ്

**147.** ഒരു വ്യക്തിയുടെ പെരുമാറ്റത്തിൽ സ്വാധീനം ചെലുത്തുന്നത്

(1) സിനിമ

(2) ചുറ്റുപാടുകൾ

(3) സാഹിത്യം

(4) ആശയവിനിമയം

**148.** ഭാഷയും സംസ്കാരവും തമ്മിലുള്ള ദ്വന്ദ്വാവസ്ഥയ്ക്കു ഹേതു

(1) ഭാഷ സംസ്കാരത്തിന്റെ ഘടകവും അതേസമയം അഭിവ്യഞ്ജകവുമാണ്

(2) ഭാഷ സംസ്കാരത്തെ അഭിവ്യഞ്ജിപ്പിക്കുന്നതിനാൽ

(3) സംസ്കാരവും ഭാഷയും പരസ്പരപൂരകമല്ലാത്തതിനാൽ

(4) ഭാഷ സാംസ്കാരിക ഘടനയുടെ അടിസ്ഥാനമായതിനാൽ

**149.** ''ഒരു സമൂഹത്തിന്റെ ആത്മാവാണ് ഭാഷ''യെന്ന് അഭിപ്രായപ്പെട്ടത്

(1) ബ്ലൂം ഫീൽഡ്

(2) ഏണസ്റ്റ് ബാർക്കർ

(3) ചോംസ്കി

(4) സൊസ്സൂർ

**150.** ഭാഷവൈവിധ്യത്തെ വ്യക്തമാക്കുന്ന ഘടകം

(1) സംസ്കാരം

(2) സമൂഹം

(3) പ്രകൃതി

(4) പെരുമാറ്റം

*താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക:*

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ കറുപ്പ്/നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ലെന്നു പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ്സ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, ക്രമക്കേടു കാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर-पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉलपॉइंट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस उत्तर-पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं उत्तर-पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर-पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/उत्तर-पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाजिरी-पत्र में लिखें।
6. OMR उत्तर-पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना उत्तर-पत्र दिए बिना एवं हाजिरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार हाजिरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर-पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अँगूठे का निशान हाजिरी-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा।
14. किसी हालत में परीक्षा पुस्तिका और उत्तर-पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व उत्तर-पत्र निरीक्षक को अवश्य सौंप दें। *परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ballpoint Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the Examination Hall/Room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the Examination Halls/Rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall/Room. *The candidates are allowed to take away this Test Booklet with them.***